**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2926** | **03-08-2021 - ൽ മറുപടിയ്ക്ക്**

**വടകര ഡിപ്പോയുടെ പുനരുദ്ധാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ.കെ.രമ** | | **Shri Antony Raju**<br>**(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | ബംഗലൂരു, കോഴിക്കോട്, വയനാട് തുടങ്ങി ഒട്ടനവധി ദീർഘദൂര യാത്രകളെ ഒന്നിപ്പിക്കുന്ന പ്രധാന ഡിപ്പോകളിൽ ഒന്നായ വടകര കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ അസൗകര്യങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ദൂരയാത്ര ചെയ്തു വരുന്ന വനിതകളുൾപ്പെടെയുള്ള ജീവനക്കാർക്കോ യാത്രക്കാർക്കോ വിശ്രമിക്കുന്നതിനോ ഉറങ്ങുന്നതിനോ ഉള്ള ഒരു വിശ്രമ മുറിയോ സ്റ്റേ റൂം സംവിധാനമോ ഇവിടെയില്ലാത്തതിനാൽ ജീവനക്കാർ ബസ്സുകളിലാണ് ഉറങ്ങുന്നത് എന്നത് പരിശോധിച്ചിട്ടുണ്ടോ; | (ബി) | പരിശോധിച്ചിട്ടുണ്ട്. |
| (സി) | ഇവിടെ ബസ്സുകൾ സുരക്ഷിതമായി സൂക്ഷിക്കുന്നതിനുള്ള ഭൗതിക സംവിധാനങ്ങളോ അടച്ചുറപ്പുള്ള ക്യാഷ് ആന്റ് ടിക്കറ്റ് കൗണ്ടറോ ലഭ്യമല്ല എന്നതും ഡിപ്പോയുടെ കോൺക്രീറ്റിംഗ് നടത്താത്ത ഭാഗങ്ങളിലെ ചെളിയും കുഴികളും കാരണം യാത്രക്കാർ ദുരിതത്തിലായതും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | എങ്കിൽ ഈ ഡിപ്പോയുടെ പുനരുദ്ധാരണത്തിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | കെ.എസ്.ആർ.ടി.സി.യുടെ കടുത്ത സാമ്പത്തിക പ്രതിസന്ധി മൂലം പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. ടി ഡിപ്പോയുടെ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി സർക്കാരിൽ നിന്നോ, KIIFB യുടെ fund ലഭ്യമാക്കിയോ, എം.എൽ.എ യുടെ ആസ്തി വികസന ഫണ്ട് ലഭ്യമാക്കിയോ തുടർ നടപടികൾ സ്വീകരിക്കും. |

സെക്ഷൻ ഓഫീസർ